പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4700 22.03.2018 ലെ മറുപടിക്ക്

**കയർ മേഖലക്ക് ഉണർവേകാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ മേഖലക്ക് ഉണർവേകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് കയർ മേഖലക്ക് ഉണർവേകാൻ, കയറിന്റെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുന:സംഘടന വഴി ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2017 ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് |

ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുന:രുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു.12 കോടി രൂപ പ്രവർത്തനമൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തനമൂലധനമായി നൽകിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344/- രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇൻറഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിയ്ക്ക് തുക

| | |
|---|---|
| | അനുവദിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി. എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13/07/17 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്.മില്ല് സ്ഥാപിച്ചു കഴിഞ്ഞു.<br><br>ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ടു മാത്രമാണ് യന്ത്രവൽക്കരണം നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉല്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.<br><br>കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം..ഡി.എ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് |

മാർജിൻമണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.
12. പരമ്പരാഗത കയർപിരി /ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.
14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.
15. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 137 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി 12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ അപ്രകാരം വിറ്റഴിച്ചിട്ടുണ്ട്.
16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.

| | |
|---|---|
| ബി) ഇതിനായി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും ഗുണകരണമായിട്ടുള്ള കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | സി) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി വിപുലപ്പെടുത്താൻ പദ്ധതിയിൽ പ്രാധാന്യം നൽകുമോ? | ഡി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി വിപുലപ്പെടുത്താൻ പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ